# രക്ഷയുടെ പാതയിൽ



# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

7

# ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പന
14. മന:സാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

# പാഠം- 12



# ശ്രേഷ്ഠമായ കല്പന

# ശ്രേഷ്ഠമായ കല്പന

1. കല്പനകളുടെ അന്തഃസത്ത
2. ദൈവസ്നേഹം
3. സഹോദരസ്നേഹം
4. ശത്രുസ്നേഹം പരസ്നേഹത്തിന്റെ പാരമ്യം
5. ഈശോയുടെ ആഹ്വാനം
6. കാരുണ്യപ്രവൃത്തികൾ പതിനാല്

ശ്രേഷ്ഠമായ കല്പന


## കല്പനകളുടെ അന്ത:സത്ത

- സ്നേഹമാണ് കൽപനകളുടെ കാതൽ. സ്നേഹമെന്ന നാണയത്തിന്റെ വശങ്ങളാണ് ദൈവസ്നേഹവും സഹോദരസ്നേഹവും



# ദൈവസ്നേഹം

നമ്മുടെ ജീവിതത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനം നൽകിയും അവിടുത്തെ കൽപനകൾ അനുസരിച്ചു, ദൈവത്തിന് ആരാധനയും കൃതജ്ഞതയും അർപ്പിച്ചും, പരസ്നേഹപ്രവൃത്തികൾ ചെയ്തും. നാം ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കണം



ശ്രേഷ്ഠമായ കല്പന

ശ്രേഷ്ഠമായ കല്പന

# സഹോദരസ്നേഹം

- ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്രയാണ് സഹോദരസ്നേഹം. അന്ത്യവിധി ദിവസത്തിൽ കർത്താവു നമ്മെ വിധിക്കുന്നതും നമ്മുടെ സഹോദരസ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ



ശ്രേഷ്ഠമായ കല്പന

# ശത്രുസ്നേഹം പരസ്നേഹത്തിന്റെ പാരമ്യം

- ശത്രുക്കളെപ്പോലും സ്നേഹിച്ചും പരസ്നേഹത്തിന്റെ പാരമ്യം ശത്രുസ്നേഹമാണെന്ന് ഈശോ നമുക്ക് വെളിപ്പെടുത്തിത്തന്നു.



ശ്രേഷ്ഠമായ കല്പന

# ഈശോയുടെ ആഹ്വാനം

- സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്നതാണ് ലോകസ്വഭാവം. എന്നാൽ നമ്മുടെ രക്ഷകനും നാഥനുമായ ഈശോയുടെ ആഹ്വാനം മറിച്ചാണ്.
- അവിടുന്നു പഠിപ്പിച്ചു. അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ (മത്താ. 5.43 44).


ശ്രേഷ്ഠമായ കല്പന
തെററിൽ വീണുപോവുകയെന്നത് മാനുഷികമാണ്. എന്നാൽ ക്ഷമിക്കുകയെന്നത് ദൈവികമായ പ്രവൃത്തിയാണ്. മററുള്ളവരോട് ക്ഷമിക്കുമ്പോഴാണ് നാം ദൈവികസ്വഭാവത്തിൽ പങ്കുപററുന്നത്.



കാരുണ്യപ്രവൃത്തികൾ പതിനാല്
❖ ശാരീരികങ്ങൾ ഏഴ്
1. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നത്
2. ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നത്
3. വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുന്നത്
4. പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം കൊടുക്കുന്നത്
5. രോഗികളെയും തടവുകാരെയും സന്ദർശിക്കുന്നത്
6. അവശരെയും അഗതികളെയും സഹായിക്കുന്നത്
7. മരിച്ചവരെ അടക്കുന്നത്
നിത്യജീവൻ പ്രാപിക്കാൻ

നിത്യജീവൻ പ്രാപിക്കാൻ

## ❖ ആദ്ധ്യാത്മികങ്ങൾ ഏഴ്

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്
2. സംശയമുള്ളവരുടെ സംശയം തീർക്കുന്നത്
3. ദു:ഖിതരെ ആശ്വസിപ്പിക്കുന്നത്
4. തെററു ചെയ്യുന്നവരെ തിരുത്തുന്നത്
5. ഉപദ്രവങ്ങൾ ക്ഷമിക്കുന്നത്
6. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നത്
7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുമായി പ്രാർത്ഥിക്കുന്നത്

# നമുക്കു പാടാം

**(അഖിലാണ്ഡമണ്ഡല....)**

സ്നേഹമാം ദൈവമന്നേകിയതല്ലോ

സ്നേഹത്തിൻ കൽപന
മാനവർക്കായി

പൂർണ മനസോടെ
പൂർണാത്മാവോടെ

സ്നേഹിക്കൂ ദൈവത്തെ
സർവവുമായി

നിന്നെപ്പോൽ നിന്നുടെ
സോദരരെയും

സ്നേഹിച്ചാൽ നിങ്ങളെൻ
ശിഷ്യരയ്ത്തീരും

ഈശോയന്നേകിയ
മാതൃകയോർക്കാം

ശത്രുവേ മിത്രമായ്ത്തീർത്തീടാം
സ്നേഹാൽ

ശത്രുവേ മിത്രമായ്ത്തീർത്തീടാം
സ്നേഹാൽ

ദൈവത്തെ സ്നേഹിക്കാം
പൂർണഹൃത്തോടെ

സൽകൃത്യം, പ്രാർത്ഥന,
ആരാധനയാൽ

നന്ദി നിറഞ്ഞൊരു
ഹൃത്തോടെയെന്നും

ദൈവഹിതം നിറവേററുന്നോരാകാം

സ്വർഗീയ താതന്റെ
നിർമ്മലസ്നേഹം

ജീവബലിയതാൽ
നൽകിയോനേശു

ഏകിയ ശ്രേഷ്ഠമാം കൽപനയേവം

കാത്തുപാലിച്ചീടാം
സ്നേഹമോടെന്നും

നിത്യജീവൻ പ്രാപിക്കാൻ

# വഴികാട്ടാനൊരു തിരുവചനം

നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം (യോഹ. 13:14)

# എന്റെ തീരുമാനം

ഓരോ ദിവസവും ഒരു
കാരുണ്യ
പ്രവൃത്തിയെങ്കിലും ഞാൻ ചെയ്യും.

ശ്രേഷ്ഠമായ കല്പന